# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 07** **website: www.uoc.ac.in**

---

**ബ്രോഷർ പ്രകാശനം ചെയ്തു**

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷനിൽ (സി.ഡി.ഒ.ഇ.) പുതുതായി ആരംഭിക്കുന്ന ഓൺലൈൻ എം.ബി.എ., ബി.കോം. പ്രോഗ്രാമുകളുടെ ബ്രോഷർ വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ, പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു. രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ, സിൻഡിക്കേറ്റംഗങ്ങളായ എം. അഹമ്മദ് കബീർ, ലഫ്റ്റനന്റ് ഡോ. എ.ടി. അബ്ദുൽ ജബ്ബാർ, ഡോ. ടി.എം. വാസുദേവൻ, പി. മധു, സി.ഡി.ഒ.ഇ. ഡയറക്ടർ ഡോ. സി.ഡി. രവികുമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ :*** *കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷനിൽ ( സി.ഡി.ഒ.ഇ. ) പുതുതായി ആരംഭിക്കുന്ന ഓൺലൈൻ എം.ബി.എ., ബി.കോം. പ്രോഗ്രാമുകളുടെ ബ്രോഷർ വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ, പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു*

***പി.ആർ. 1267/2026***

**കൊടുവായൂർ ബി.എഡ്. സെന്ററിൽ**
**ഗസ്റ്റ് അധ്യാപ നിയമനം**

പാലക്കാട് കൊടുവായൂരുള്ള കാലിക്കറ്റ് സർവകലാശാലാ ടീച്ചർ എജ്യുക്കേഷൻ സെന്ററിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് ഗസ്റ്റ് അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. യോഗ്യത : 55 ശതമാനം മാർക്കോടുകൂടിയ എം.എഡ്., നെറ്റ്. പ്രവൃത്തി പരിചയം അഭിലഷണീയം. ഉദ്യോഗാർത്ഥികൾ സെപ്റ്റംബർ 08-ന് ഉച്ചക്ക് 02.00 മണിക്ക് ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം സെന്ററിൽ നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ : 04923 252556, ഇ - മെയിൽ : cutec.koduvayur@gmail.com .

***പി.ആർ. 1268/2026***

**ലെയ്സൺ ഓഫീസർ അഭിമുഖം**

കാലിക്കറ്റ് സർവകലാശാലയ്ക്ക് വേണ്ടി ന്യൂഡൽഹിയിൽ ലെയ്സൺ ഓഫീസർ തസ്തികയിലേക്ക് ( പാർട്ട് ടൈം ) കരാറടിസ്ഥാനത്തിലുള്ള നിയമനത്തിനായി 03.07.2026 തീയതിയിലെ വിജ്ഞാപന പ്രകാരം അപേക്ഷിച്ചവരിൽ യോഗ്യരായി കണ്ടെത്തിയവർക്കുള്ള അഭിമുഖം സെപ്റ്റംബർ 30-ന് നടക്കും. സമയം : രാവിലെ 10.30. കേന്ദ്രം : സർവകലാശാലാ ഭരണകാര്യാലയം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ https://www.uoc.ac.in/ .

*പി.ആർ. 1269/2026*

**പി.ജി. ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ്**
**സീറ്റൊഴിവ്**

കാലിക്കറ്റ് സർവകലാശാലാ കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ പ്രോജക്ട് മോഡ് പ്രോഗ്രാം ഇൻ പി.ജി. ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് പ്രോഗ്രാമിൽ എല്ലാ വിഭാഗത്തിലും സീറ്റൊഴിവുണ്ട്. താത്പര്യമുള്ളവർ സെപ്റ്റംബർ 10-ന് രാവിലെ 11.00 മണിക്ക് അനുബന്ധ രേഖകളുമായി പഠനവകുപ്പിൽ ഹാജരായി പ്രവേശനം നേടണം. വിശദ വിവരങ്ങൾക്ക് ഫോൺ : 8129544376, 04942407325.

*പി.ആർ. 1270/2026*

**മലപ്പുറം സി.സി.എസ്.ഐ.ടിയിൽ**
**സ്പോട്ട് അഡ്മിഷൻ**

മലപ്പുറം പടിഞ്ഞാറ്റുമുറിയിലുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ( സി.സി.എസ്.ഐ.ടി. ) ബി.സി.എ. ബി.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ( എ.ഐ. ), എം.സി.എ. പ്രോഗ്രാമുകൾക്ക് സ്പോട്ട് അഡ്മിഷൻ നേടാം. പ്രവേശനം ആഗ്രഹിക്കുന്നവർ ആവശ്യമായ അസൽ രേഖകൾ സഹിതം സെപ്റ്റംബർ 09-ന് സെന്ററിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ : 9995450927, 9539682200.

*പി.ആർ. 1271/2026*

**സുൽത്താൻബത്തേരി സെന്ററിൽ**
**എം.എസ്.ഡബ്ല്യൂ. സീറ്റൊഴിവ്**

സുൽത്താൻബത്തേരിയിലുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ പി.ജി. സ്റ്റഡീസ് ഇൻ സോഷ്യൽ വർക്കിൽ എം.എസ്.ഡബ്ല്യൂ. പ്രോഗ്രാമിന് സീറ്റൊഴിവുണ്ട്. അടിസ്ഥാന യോഗ്യത ബിരുദം (ജനറൽ - 50%, ഒ.ബി.സി. - 47%, എസ്.ഇ.ബി.സി. / ഒ.ഇ.സി. - 45%, മറ്റ് സംവരണ വിഭാഗക്കാർക്ക് പാസ് മാർക്ക്). എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗക്കാർക്ക് ഫീസാനുകൂല്യം ലഭിക്കും. താത്പര്യമുള്ളവർ സെപ്റ്റംബർ 10-നുള്ളിൽ പ്രവേശനം നേടണം. വിശദ വിവരങ്ങൾക്ക് ഫോൺ : 9496344886.

*പി.ആർ. 1272/2026*

**ഒറ്റത്തവണ ഇന്റേണൽ ഇംപ്രൂവ്മെന്റ്**
**പരീക്ഷാഫലം**

ബി.ആർക്. (2012 സ്കീം - 2012 മുതൽ 2016 വരെ പ്രവേശനം) - മൂന്ന്, അഞ്ച് സെമസ്റ്റർ ജനുവരി 2026 ഒറ്റത്തവണ ഇന്റേണൽ ഇംപ്രൂവ്മെന്റ് പരീക്ഷകളുടെയും ഒൻപതാം സെമസ്റ്റർ ജനുവരി 2026 ഇന്റേണൽ ഇംപ്രൂവ്മെന്റ് പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ചു.

*പി.ആർ. 1273/2026*

**പരീക്ഷാഫലം**

വിദൂര വിഭാഗം നാലാം സെമസ്റ്റർ എം.എ. സാൻസ്ക്രിറ്റ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ജനറൽ ( സി.ബി.സി.എസ്.എസ്. - എസ്.ഡി.ഇ. - 2022 പ്രവേശനം ) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 17 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ്, എം.എസ് സി. സുവോളജി (സി.സി.എസ്.എസ് - 2024 പ്രവേശനം) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

*പി.ആർ. 1274/2026*